## ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത്: ഡോ.അമിത് മല്ലിക്, ഐ.എഫ്.എസ്.**

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - ശ്രീ.രാജൻപിള്ള.എസ്-ന്റെ സീനിയോരിറ്റി പുന:സ്ഥാപിച്ച് പുറപ്പെടുവിക്കുന്ന നടപടി ഉത്തരവ്.

സൂചന:
1. ശ്രീ.എസ്.രാജൻപിള്ള, ഓഫീസ് അറ്റൻഡന്റ് സമർപ്പിച്ച അപേക്ഷ.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഉത്തരവ് നമ്പർ ഇ.2-4158/2012 തീയതി 15.07.2014.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഉത്തരവ് നമ്പർ ഇ.2-1830/2014 തീയതി 19.10.2015.

### നടപടി ഉത്തരവ് നമ്പർ ഇ.2-61899/2017 തീയതി 03.03.2018

ശ്രീ.എസ്.രാജൻപിള്ള, മലപ്പുറം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ പ്രകാരം ആസ്ഥാന ഒഴിവിൽ പ്യൂൺ തസ്തികയിൽ വനംവകുപ്പ് ആസ്ഥാനത്ത് 05.10.2000 തീയതിയിൽ ജോലിയിൽ പ്രവേശിച്ചു. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28.02.2009-ലെ ഇ.2-17540/07 നമ്പർ ഉത്തരവ് പ്രകാരം ടിയാന് 01.08.2007 തീയതി പ്രാബല്യത്തിൽ ഒന്നാം ഗ്രേഡ് ശിപായിയായി റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവായിരുന്നു.

ശ്രീ.എസ്.രാജൻപിള്ളയ്ക്ക് 17.06.2011 തീയതിയിൽ കൊല്ലം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലേക്ക് സ്ഥലംമാറ്റം ലഭിക്കുകയും ടി സ്ഥലമാറ്റം അന്തർജില്ലാ സ്ഥലംമാറ്റമായി കണക്കാക്കി 01.01.2013 പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം 17.06.2011 തീയതി പ്രാബല്യത്തിൽ 363-ാം നമ്പറായി ക്രമപ്പെടുത്തി ജൂനിയർമോസ്റ്റായി മാറ്റുകയും ചെയ്തിരുന്നു.

ടി നടപടിക്കെതിരെ സൂചന (1) പ്രകാരം ശ്രീ.എസ്.രാജൻപിള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ അന്തർജില്ലാ സ്ഥലമാറ്റത്തിനായുള്ള മാനദണ്ഡം ഗ്രേഡ് II ആയ എൻട്രി കേഡറിൽ മാത്രമാണ് ബാധകമായിട്ടുള്ളത്. ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചവർക്ക് ഈ മാനദണ്ഡം ബാധകമല്ലാത്തതിനാൽ സീനിയോരിറ്റി താഴ്ത്തിയ നടപടി ക്രമമല്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.എസ്.രാജൻപിള്ള, ഓഫീസ് അറ്റൻഡന്റിന്റെ സ്ഥാനം സൂചന (2) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ 70 ശ്രീ.ഗോപിനാഥ്.എം., സീരിയൽ നമ്പർ 71 ശ്രീ.അജയകുമാർ.കെ.ആർ. എന്നിവർക്കിടയിൽ 70 എ ആയി താൽക്കാലികമായി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ലാസ്റ്റ് ഗ്രേഡിൽ നിന്നും ക്ലർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനുള്ള സംസ്ഥാനതല സംയുക്ത സെലക്ട് ലിസ്റ്റിൽ സീരിയൽ നമ്പർ 35 ശ്രീ.ഗോപിനാഥ്.എം.നും സീരിയൽ നമ്പർ 36 ശ്രീ.ഗോപാലൻ.സി.ക്കും ഇടയിൽ സീരിയൽ നമ്പർ 35 എ ആയി താൽക്കാലികമായി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മേൽ ഉത്തരവിന്മേൽ പരാതിയോ ആക്ഷേപമോ ഉള്ളവർ ഈ ഉത്തരവ് വനംവകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ്.

ഡോ.അമിത് മല്ലിക്, ഐ.എഫ്.എസ്.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

**പകർപ്പ്:**

1. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും.
2. വനംവകുപ്പ് വെബ്സൈറ്റിൽ.
3. സ്റ്റോക്ക് ഫയൽ